# പരിശീലന മൊഡ്യൂൾ

(കമ്മ്യൂണിറ്റി മെന്റർമാരുടേയും & വളണ്ടിയർമാരുടേയും
പരിശീലനത്തിനായി തയ്യാറാക്കിയത്)

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
കേരള സർക്കാർ

Kerala.HEALTH

# ഉള്ളടക്കം


| സെഷനുകൾ | | പേജുകൾ |
|---|---|---|
| **ഏകാരോഗ്യം**<br>**(തദ്ദേശസർക്കാരുകളിലെ മെന്റർമാർക്കും വളണ്ടിയർമാർക്കുമുള്ള പരിശീലന പരിപാടി)** | | |
| സെഷൻ 1 | ഏകാരോഗ്യം –ആശയവും പ്രാധാന്യവും | |
| സെഷൻ 2 | പകർച്ചവ്യാധിവ്യാപനം- ജന്തുജന്യരോഗങ്ങളും പരിസ്ഥിതിയും | |
| സെഷൻ 3 | ഏകാരോഗ്യം-കേരളവും സംഘടനാ സംവിധാനവും | |
| സെഷൻ 4 | സാമൂഹ്യാധിഷ്ഠിത രോഗനിരീക്ഷണവും ഏകാരോഗ്യവും | |
| സെഷൻ 5 | സന്നദ്ധപ്രവർത്തകരുടെ തിരഞ്ഞെടുപ്പ്, പരിശീലനം, തുടർസഹായം | |

# ഏകാരോഗ്യം

## (തദ്ദേശസർക്കാരുകളിലെ മെന്റർമാർക്കും വളണ്ടിയർമാർക്കുമുള്ള പരിശീലന പരിപാടി)

**പശ്ചാത്തലം**

ഏകാരോഗ്യം എന്ന ആശയം ആഗോളതലത്തിൽ ശ്രദ്ധേയമായിക്കൊണ്ടിരി–ക്കുകയാണ്. മനുഷ്യരുടെയും മൃഗങ്ങളുടെയും സസ്യങ്ങളുടെയും പരിസ്ഥിതിയുടെയും ആരോഗ്യം പരസ്പരബന്ധിതമാണ്. മനുഷ്യരുടെ മാത്രമായുള്ള ആരോഗ്യം എന്ന ആശയത്തിനോ ആരോഗ്യസംരക്ഷണത്തിനോ ഇപ്പോൾ പ്രസക്തിയില്ല .അതിനാൽ മനുഷ്യരും ജന്തുക്കളും തമ്മിലുള്ള ഇടപഴകൽ വഴിയുണ്ടാകുന്ന രോഗങ്ങൾക്കും പാരിസ്ഥിതികഘടകങ്ങൾ മൂലമുണ്ടാകുന്ന രോഗങ്ങൾക്കും ആരോഗ്യ പ്രശ്നങ്ങൾക്കു മെതിരെ വിവിധവകുപ്പുകളെ സംയോജിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനം സാദ്ധ്യമാക്കുകയെന്നതാണ് ഏകാരോഗ്യത്തിലൂടെ ലക്ഷ്യമാക്കുന്നത്.

മനുഷ്യർക്കും ജന്തുക്കൾക്കും ഉണ്ടാകുന്ന രോഗങ്ങളും രോഗവ്യാപനവും യഥാസമയം മേൽത്തട്ടുകളിൽ റിപ്പോർട്ടുചെയ്യുകയും പ്രതിവിധികൾ ഉറപ്പാക്കുകയും ചെയ്യുന്ന ആരോഗ്യപ്രവർത്തനങ്ങളിലേക്കുള്ള സാമൂഹ്യമാറ്റമാണ് നാം ലക്ഷ്യമിടുന്നത്. അധികാര വികേന്ദ്രീകരണം തദ്ദേശ സർക്കാരുകൾക്ക് ഏകാരോഗ്യരംഗത്ത് ഇടപെടുന്നതിന് വിപുലമായ സാദ്ധ്യതകളാണ് ഒരുക്കിയിട്ടുള്ളത്. ഈ സാദ്ധ്യതകൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനായി പരിശീലനങ്ങൾ സംഘടിപ്പിക്കുന്നതാണ്. തദ്ദേശസർക്കാരുകളിലെ മെന്റർമാരും വളണ്ടിയർമാരുമാണ് ഈ പരിശീലനപരിപാടിയിൽ പങ്കെടുക്കുന്നത്.

## പരിശീലന ലക്ഷ്യങ്ങൾ

| | |
|---|---|
| 1 | ഏകാരോഗ്യം എന്ന ആശയം എന്താണെന്നും അതിന്റെ കാലികപ്രസക്തി എത്രത്തോളമുണ്ടെന്നും ബോദ്ധ്യപ്പെടുത്തുക. |
| 2 | പകർച്ചവ്യാധികളെക്കുറിച്ച് പ്രത്യേകിച്ച് ജന്തുജന്യരോഗങ്ങളെക്കുറിച്ചും ആന്റി മൈക്രോബിയൽ റെസിസ്റ്റൻസിനെക്കുറിച്ചും അവബോധം സൃഷ്ടിക്കുക |
| 3 | പരിസ്ഥിതി, ഭക്ഷ്യശൃംഖല, ജൈവവൈവിധ്യം, കാലാവസ്ഥാവ്യതിയാനം തുടങ്ങിയവയുമായി ഏകാരോഗ്യം എന്ന ആശയം എത്രത്തോളം ബന്ധപ്പെട്ടിരിക്കുന്നുവെന്ന് ബോദ്ധ്യപ്പെടുത്തുക. |
| 4 | രോഗമുണ്ടാക്കുന്ന പാരിസ്ഥിതികഘടകങ്ങൾ ഏതൊക്കെയാണെന്ന് തിരിച്ചറിയുവാൻ സഹായിക്കുക. |
| 5 | മനുഷ്യനും മൃഗങ്ങൾക്കും ഉണ്ടാകുന്ന രോഗങ്ങൾ ഏങ്ങനെ നിരീക്ഷിക്കണമെന്നും ഒരു ഏകീകൃത നീരിക്ഷണ സംവിധാനത്തിന്റെ പ്രാധാന്യമെന്തെന്നും ബോദ്ധ്യപ്പെടുത്തുക. |
| 6 | ഏകാരോഗ്യ പരിപാടി നടപ്പിലാക്കുന്നതിൽ തദ്ദേശസർക്കാരുകളുടെ പങ്കെന്താണെന്നും ഈ പ്രക്രിയയിൽ സാമൂഹ്യസന്നദ്ധസേവകരുടെയും മെന്റർമാരുടെയും |

| | |
|---|---|
| | അറിവും വൈദഗ്ദ്ധ്യവും സേവനവും എങ്ങനെയാണ് ഉപയോഗപ്പെടുത്തേണ്ട തെന്നും വ്യക്തത വരുത്തുക. |
| 7 | കമ്മ്യൂണിറ്റി ബേയ്സ്ഡ് സർവെയ്ലൻസ് ഓരോ പഞ്ചായത്തിലും നടപ്പിലാക്കു ന്നതിന് ആവശ്യമായ സന്നദ്ധപ്രവർത്തകരെ കണ്ടെത്തുവാനും അവർക്കുവേണ്ടി പരിശീലനം നൽകുവാനും മെന്റർമാരെ പ്രാപ്തരാക്കുക. |
| 8 | ഈ പ്രക്രിയയിൽ വിവിധ ലൈൻ ഡിപ്പാർട്ട്മെന്റുകളുടെ ഏകീകൃതവും സംയോജി തവുമായ പ്രവർത്തനങ്ങൾ എങ്ങനെയാണ് രൂപപ്പെടുത്തേണ്ടതെന്ന് ബോദ്ധ്യപ്പെടു ത്തുക. |

## പരിശീലന വിഷയങ്ങൾ

| | |
|---|---|
| സെഷൻ 1 | ഏകാരോഗ്യം- ആശയവും പ്രാധാന്യവും |
| സെഷൻ 2 | പകർച്ചവ്യാധിവ്യാപനം- ജന്തുജന്യരോഗങ്ങളും പരിസ്ഥിതിയും |
| സെഷൻ 3 | ഏകാരോഗ്യം- കേരളവും സംഘടനാസംവിധാനവും |
| സെഷൻ 4 | സാമൂഹ്യാധിഷ്ഠിത രോഗനിരീക്ഷണവുംഏകാരോഗ്യവും |
| സെഷൻ 5 | സന്നദ്ധപ്രവർത്തകരുടെ തിരഞ്ഞെടുപ്പ്, പരിശീലനം, തുടർ സഹായം |

**പരിശീലനത്തിൽ പങ്കെടുക്കേണ്ടവർ**

- തദ്ദേശസർക്കാരുകളിലെ മെന്റർമാർ (കമ്മ്യൂണിറ്റി മെന്റർ)

**പരിശീലനദൈർഘ്യം**

- ഒരു ദിവസം രാവിലെ 10 മണിക്ക് ആരംഭിച്ച് വൈകിട്ട് 4 മണിക്ക് അവസാനിക്കുന്നു.

**പരിശീലന വേദി**

- തദ്ദേശസർക്കാർതല വേദി

**പഠനരീതി**

- മുതിർന്നവരുടെ പഠനത്തിനനുയോജ്യമായ പങ്കാളിത്തരീതി

**പരിശീലകർ**

- ജില്ലാ മെന്റർമാർ
- ഏകാരോഗ്യവുമായി ബന്ധപ്പെട്ട മേഖലകളിലെ വിദഗ്ദ്ധർ

**പഠന സാമഗ്രികൾ**

പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് വിശദമായ വായനയ്ക്കും തുടർപഠനത്തിനും സഹായകമായ കൈപ്പുസ്തകം വിതരണം ചെയ്യുന്നതാണ്.

**തുടർസേവനങ്ങൾ**

പരിശീലനത്തിന് നേതൃത്വം നൽകുന്ന ഫാക്കൽറ്റി അംഗങ്ങളുടെ സേവനം തുടർന്നും പങ്കാളികൾക്ക് നൽകുന്നതിനുള്ള അവസരം ഒരുക്കുന്നതാണ്. കൂടാതെ സംശയനിവാരണത്തിനായി ഹെൽപ്പ് ഡസ്ക് സംവിധാനവും ഒരുക്കുന്നതാണ്.

പരിശീലകർക്കുവേണ്ടിയുള്ള ജില്ലാതല പരിശീലനം (ToT) നടത്തിയതിനുശേഷമായിരിക്കും കമ്മ്യൂണിറ്റി മെന്റർമാരുടെ ട്രെയിനിങ്ങ് നടത്തുക.

**പ്രോഗ്രാം ഷെഡ്യൂൾ**

| നം. | വിഷയം | സമയം |
|---|---|---|
| 1 | സ്വാഗതം, ആമുഖം | 30 മിനിറ്റ് (10.00 am – 10.30 am) |
| 2 | ഏകാരോഗ്യം - ആശയവും പ്രാധാന്യവും | 45 മിനിറ്റ് (10.30 am – 11.15 am) |
| | Tea break | 15 മിനിറ്റ് (11.15 am – 11.30 am) |
| 3 | പകർച്ചവ്യാധിവ്യാപനം - ജന്തുജന്യരോഗങ്ങളും പരിസ്ഥിതിയും | 45 മിനിറ്റ് (11.30 am– 12.15 pm) |
| 4 | ഏകാരോഗ്യം - കേരളവും സംഘടനാസംവിധാനവും | 45 മിനിറ്റ് (12.15 pm – 1.00 pm) |
| | Lunch break | 45 മിനിറ്റ് (1.00 pm – 1.45 pm) |
| 5 | സാമൂഹ്യാധിഷ്ഠിത രോഗനിരീക്ഷണവും ഏകാരോഗ്യവും | 45 മിനിറ്റ് (1.45 pm – 2.30 pm) |
| 6 | സന്നദ്ധപ്രവർത്തകരുടെ തിരഞ്ഞെടുപ്പ്, പരിശീലനം, തുടർസഹായം | 60 മിനിറ്റ് (2.30 pm – 3.30 pm) |
| 7 | ഉപസംഹാരവും നന്ദിയും | 30 മിനിറ്റ് (3.30 pm–4.00 pm) |

# സെഷൻ 1

**വിഷയം** : ഏകാരോഗ്യം- ആശയവും പ്രാധാന്യവും
**ലക്ഷ്യം** : പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് താഴെ പറയുന്നവ ബോധ്യപ്പെടുത്തുക

1. ഏകാരോഗ്യം എന്ന ആശയം
2. ഏകാരോഗ്യം എന്ന ആശയത്തിന്റെ കാലികമായ പ്രസക്തി

**സമയം** : 45 മിനിറ്റ്
**വേദി** : പൊതുവേദി

**ഉള്ളടക്കവും പഠനരീതിയും**

| ന. | വിഷയം | സമയം (മിനിറ്റ്) | രീതി | ഉപാധി |
|---|---|---|---|---|
| 1 | ആരോഗ്യമെന്താണെന്നും ഏകാരോഗ്യം എന്താണെന്നും വിശദീകരിക്കുന്നു. | 5 | ബ്രെയിൻ സ്റ്റോമിങ്ങ്, പങ്കാളിത്ത അവതരണം | സ്ലൈഡ് 2 |
| 2 | ഏകാരോഗ്യം എന്ന ആശയത്തിന്റെ ചരിത്രം ഹ്രസ്വമായി വിശദീകരിക്കുന്നു. | 3 | അവതരണം | സ്ലൈഡ്3 |
| 3 | മനുഷ്യന്റെയും മൃഗങ്ങളുടെയും പരിസ്ഥിതിയുടെയും ആരോഗ്യം എങ്ങനെ സംരക്ഷിക്കാം എന്ന് വിശദമാക്കുന്നു. | 7 | പങ്കാളിത്ത അവതരണം | സ്ലൈഡ് 4 |
| 4 | ഏകാരോഗ്യം -വിവിധ വകുപ്പുകളുടെ സഹകരണത്തിന്റെ അനിവാര്യത വ്യക്തമാക്കുന്നു | 5 | പങ്കാളിത്ത അവതരണം | സ്ലൈഡ് 5 |
| 5 | പ്രതിരോധം അനിവാര്യമായ തലങ്ങൾ ചർച്ച ചെയ്യുന്നു. | 5 | പങ്കാളിത്ത അവതരണം | സ്ലൈഡ്6 |
| 6 | കേരളം നേരിടുന്ന ആരോഗ്യപ്രശ്നങ്ങൾ, പകർച്ചവ്യാധികൾ, പ്രകൃതി ദുരന്തങ്ങൾ, മാലിന്യ നിർമ്മാർജ്ജന പ്രശ്നങ്ങൾ, ഭക്ഷണത്തിലെ മായംചേർക്കൽ, ആന്റിമൈക്രോബിയൽ റസിസ്റ്റൻസ് എന്നിവ ചർച്ചചെയ്യുന്നു. | 5 | പങ്കാളിത്ത അവതരണം | സ്ലൈഡ്7 |
| 7 | ജനകീയപ്രശ്നങ്ങളെ പ്രതിരോധിക്കാൻ ഏകാരോഗ്യത്തിലൂടെ എങ്ങനെ സാധിക്കും എന്ന് വ്യക്തമാക്കുന്നു. | 10 | പങ്കാളിത്ത അവതരണം | സ്ലൈഡ് 8 |
| 8 | സംശയനിവാരണം | 5 | | |

**ആവശ്യമായ കുറിപ്പുകൾ**

1. ആരോഗ്യം എന്നാലെന്ത് എന്ന ചോദ്യത്തിലൂടെ ആരംഭിക്കാം. തുടർന്ന് ആരോഗ്യമെന്നത് മനുഷ്യന്റെ ശാരീരികവും മാനസികവും സാമൂഹ്യവുമായ സുസ്ഥിതിയാണെന്ന് വ്യക്തമാക്കുന്നു. ഈ നിർവ്വചനത്തിൽ നിന്നുകൊണ്ട് ഏകാരോഗ്യം എന്ന ആശയം വ്യക്തമാക്കണം. ഏകാരോഗ്യമെന്നത് മനുഷ്യൻ, സസ്യ ജന്തുജാലങ്ങൾ എന്നിവയുടെ ആരോഗ്യവും പരിസ്ഥിതിയുടെ ആരോഗ്യവും ഉൾച്ചേർന്നതാണെന്ന് വ്യക്തമാക്കണം. ജലം, വായു, മണ്ണ് എന്നിവ മലിനമാകുന്നതും ശാസ്ത്രീയമായ മാലിന്യപരിപാലനത്തിന്റെ പോരായ്മകളും ജൈവവൈവിദ്ധ്യത്തിന്റെ ശോഷണവും ആവാസവ്യവസ്ഥയുടെ അഥവാ പരിസ്ഥിതിയുടെ ആരോഗ്യത്തെ നിർണ്ണയിക്കുന്ന ഘടകങ്ങളാണ്.

2. മനുഷ്യരിൽനിന്നും മൃഗങ്ങളിലേക്കും തിരിച്ചും വ്യാപിക്കുന്ന രോഗങ്ങളെയാണ് ജന്തുജന്യരോഗങ്ങൾ അഥവാ സൂണോട്ടിക് രോഗങ്ങൾ എന്ന് വിളിക്കുന്നത്. സൂണോസിസ് എന്താണെന്നും 2004-ലെ വൈൽഡ് ലൈഫ് കൺസർവേഷൻ സിമ്പോസിയം ഉയർത്തിയ 'ഏകലോകം ഏകാരോഗ്യം' എന്ന ആശയത്തെക്കുറിച്ചും മഹാമാരികൾ നേരിടുവാൻ ഏകാരോഗ്യസമീപനത്തിനായി 2007-ൽ ന്യൂഡൽഹിയിൽ സംഘടിപ്പിച്ച കോൺഫറൻസിനെക്കുറിച്ചും ലഘുവായി പ്രതിപാദിക്കുന്നു. മൂന്നു മിനിറ്റുകൊണ്ട് ഈ സ്ലൈഡിലെ വിവരങ്ങൾ അവതരിപ്പിക്കുന്നതാണ് അഭികാമ്യം.

3. എപ്പിഡെമിയോളോജിക്കൽ ത്രയങ്ങൾ ചർച്ചചെയ്യുന്നു. ഏജന്റ് എന്നത് രോഗകാരിയെയും ഹോസ്റ്റ് എന്നത് രോഗം ബാധിക്കുന്നവരെയും എൻവയോൺമെന്റ് എന്നത് പരിസ്ഥിതിയെയും സൂചിപ്പിക്കുന്നു. സമഗ്ര ആരോഗ്യസംരക്ഷണം എന്നത് ഏകാരോഗ്യം എന്ന ആശയത്തിലധിഷ്ഠിതമായി നിലനിൽക്കേണ്ടതാണ്. അതിൽ മനുഷ്യന്റെ ആരോഗ്യവും സസ്യജന്തുജാലങ്ങളുടെ ആരോഗ്യവും ആവാസവ്യവസ്ഥയുടെ ആരോഗ്യവും ഉൾച്ചേരുന്നതാണ്.

4. ഏകാരോഗ്യമെന്ന ആശയം ഫലപ്രദമായി പ്രയോഗികമാക്കണമെങ്കിൽ തദ്ദേശ സ്വയംഭരണം, മൃഗസംരക്ഷണം, കൃഷി, വനം-വന്യജീവി, ഭക്ഷ്യസുരക്ഷ, മലിനീകരണ നിയന്ത്രണം, ഫിഷറീസ്, ജലസേചനം, ഡ്രഗ് കൺട്രോൾ തുടങ്ങിയ വിവിധ വകുപ്പുകളുടെ കൂട്ടായ പ്രവർത്തനം ആവശ്യമാണ്.

5. ആരോഗ്യകരമായ ഭക്ഷണം ഉറപ്പുവരത്തക്കരീതിയിലുള്ള ഭക്ഷ്യസുരക്ഷ, കാർഷിക പ്രവർത്തനങ്ങളിലെ കീടനാശിനി പ്രയോഗമടക്കമുള്ള അശാസ്ത്രീയവും അപകടകരവുമായ പ്രവണതകൾ, ജന്തുജന്യ രോഗങ്ങൾ, കാലാവസ്ഥാവ്യതിയാനം മൂലമുണ്ടാകുന്ന പ്രതിസന്ധികൾ, ആന്റിബയോട്ടിക്കുകളുടെ ഉപയോഗം തുടങ്ങിയവ ആരോഗ്യ വിഷയത്തിൽ അഭിസംബോധന ചെയ്യേണ്ട ഘടകങ്ങൾ ആണെന്നും അതിലെല്ലാം പ്രതിരോധം ആവശ്യമാണെന്നും ചാർട്ടിന്റെ സഹായത്താൽ വിശദീകരിക്കണം.

6. കേരള ജനത നേരിടുന്നതും നേരിട്ടതുമായ പകർച്ചവ്യാധികൾ, പ്രകൃതി ദുരന്തങ്ങൾ, ഭക്ഷ്യസുരക്ഷാ പ്രശ്നങ്ങൾ, മാലിന്യ നിർമ്മാർജ്ജനരംഗത്തും ജലവിതരണരംഗത്തും നേരിടുന്ന പ്രശ്നങ്ങൾ എന്നിവ ലളിതമായി പ്രതിപാദിക്കണം.

7. ഏകാരോഗ്യം ഒരു ജനകീയ വിഷയമാണ്. വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പ്രവർത്തനങ്ങൾ തദ്ദേശസർക്കാർതലത്തിൽ ഏകോപിപ്പിക്കുവാൻ കഴിയണം. ജനങ്ങളുടെയും ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും മനോഭാവത്തിൽ മാറ്റമുണ്ടാവേണ്ടതുണ്ട്. സന്നദ്ധപ്രവർത്തകരുടെ സേവനവും പങ്കാളിത്തവും ഇക്കാര്യത്തിൽ ഉറപ്പുവരുത്താൻ കഴിയണം. അതിനനുസൃതമായ ഒരു സാഹചര്യമാണ് നമ്മുടെ സംസ്ഥാനത്തുള്ളതെന്ന് മുൻകാല അനുഭവങ്ങൾ സാക്ഷ്യം വഹിക്കുന്നുണ്ട്. ഈ വിഷയത്തിൽ പങ്കാളികൾക്ക് അവബോധവും ധാരണയും ഉണ്ടാക്കുന്നതിലേക്കായി താഴെ കൊടുക്കുന്ന വിഷയം ചർച്ചക്കും വിശകലനത്തിനുമായി നൽകണം. രണ്ടു ഗ്രൂപ്പുകളായി തിരിച്ചുകൊണ്ട് ചർച്ച ചെയ്യുന്നതായിരിക്കും അഭികാമ്യം. ചർച്ചക്ക് ശേഷം ഒരു ഗ്രൂപ്പിനെങ്കിലും അവതരണത്തിന് അവസരം നൽകണം.

**കേസ് സ്റ്റഡി – വിഷയം**

ഒരു പേരയുടെ ചുവട്ടിൽ കിടന്നിരുന്ന പേരക്ക കഴിച്ച കുട്ടികളിൽ ചിലർക്ക് ഛർദ്ദി അനുഭവപ്പെട്ടു. പുരയിടത്തിൽ ഒരു വവ്വാൽ ചത്ത് കിടക്കുന്നതായും ശ്രദ്ധയിൽപ്പെട്ടു. ഒരു സന്നദ്ധ പ്രവർത്തകൻ ഈ സാഹചര്യത്തിൽ എന്ത് ചെയ്യും?

എന്തൊക്കെ ചെയ്യാൻ കഴിയും എന്ന് ചർച്ച ചെയ്ത് റിപ്പോർട്ട് നൽകണം. ഫെസിലിറ്റേറ്റർ ക്രോഡീകരിച്ചു സംസാരിച്ചുകൊണ്ട് ക്ലാസ്സ് അവസാനിപ്പിക്കണം.

# സെഷൻ 2

**വിഷയം** : പകർച്ചവ്യാധിവ്യാപനം ജന്തുജന്യരോഗങ്ങളും പരിസ്ഥിതിയും

**ലക്ഷ്യം** : ഈ സെഷന്റെ അവസാനം പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ചുവടെ പറയുന്നവ സാധിക്കുന്നു

1. മനുഷ്യനുണ്ടാകുന്ന വിവിധ പകർച്ചവ്യാധികളെക്കുറിച്ചുള്ള ധാരണ.
2. വന്യജീവികളിൽനിന്നും വളർത്തുമൃഗങ്ങളിൽനിന്നും പ്രാണികളിലൂടെയും മനുഷ്യനുണ്ടാകുന്ന രോഗങ്ങൾ ഏകാരോഗ്യം എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ വിവരിക്കുവാൻ പ്രാപ്തരാക്കുന്നു.
3. രോഗാണുക്കൾ ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ തിരിച്ചറിയാൻ പ്രാപ്തരാക്കുന്നതോടൊപ്പം നാം കൈവരിക്കേണ്ട ലക്ഷ്യങ്ങളെക്കുറിച്ച് ധാരണയുണ്ടാക്കുന്നു.

**സമയം** : 45 മിനിറ്റ്

**വേദി** : പൊതുവേദി

**ഉള്ളടക്കവും പഠനരീതിയും**

| നം | വിഷയം | സമയം (മിനിറ്റ്) | രീതി | ഉപാധി |
|---|---|---|---|---|
| 1 | രോഗങ്ങളെക്കുറിച്ചും വ്യാധികൾ, മഹാവ്യാധികൾ എന്നിവയെക്കുറിച്ചും ചർച്ച ചെയ്യുന്നു. | 5 മിനിറ്റ് | ബ്രെയിൻ സ്റ്റോമിങ്ങ്, പങ്കാളിത്ത അവതരണം | സ്ലൈഡ് 2 ചാർട്ട് പേപ്പർ |
| 2 | കേരളത്തിൽ കണ്ടുവരുന്ന പ്രധാന പകർച്ച വ്യാധികളെക്കുറിച്ചും പുതിയതായി ഉണ്ടായവയെക്കുറിച്ചും വിശദീകരിക്കുന്നു | 3 മിനിറ്റ് | പങ്കാളിത്ത അവതരണം | സ്ലൈഡ് 3, 4 |
| 3 | രോഗംപകരുന്ന സാഹചര്യങ്ങൾ വിശദീകരിക്കുന്നു | 5 മിനിറ്റ് | പങ്കാളിത്ത അവതരണം | സ്ലൈഡ് 5 |
| 4 | വിവിധ ജന്തുജന്യരോഗങ്ങളെക്കുറിച്ചും പ്രാണിജന്യരോഗങ്ങളെക്കുറിച്ചും ഇത്തരം രോഗങ്ങളുടെ കാരണങ്ങളെക്കുറിച്ചും വിശദീകരിക്കുന്നു. | 5 മിനിറ്റ് | പങ്കാളിത്ത അവതരണം | സ്ലൈഡ് 6 – 8 |
| 5 | ജന്തുജന്യരോഗങ്ങൾ പകരുന്ന വഴികൾ ഉദാഹരണസഹിതം വിശദീകരിക്കുന്നു | 3 മിനിറ്റ് | പങ്കാളിത്ത അവതരണം | സ്ലൈഡ് 9 |
| 6 | ഏകാരോഗ്യത്തിൽ പരിസ്ഥിതിയുടെ പ്രസക്തിയും പ്രാധാന്യവും എപ്പിഡെമിയോളോജിക്കൽ ത്രയവും വിശദീകരിക്കുന്നു | 8 മിനിറ്റ് | പങ്കാളിത്ത അവതരണം | സ്ലൈഡ് 10,11,12 |
| 7 | ഒരു പകർച്ചവ്യാധി കുടുംബത്തിലും സമൂഹത്തിലുമുണ്ടാക്കുന്ന ആഘാതം | 11 മിനിറ്റ് | ഗ്രൂപ്പ് ചർച്ച | സ്ലൈഡ് 13 |
| 8 | സംശയ നിവാരണം | 5 മിനിറ്റ് | | |

**ആവശ്യമായ കുറിപ്പുകൾ**

1. രോഗങ്ങൾ എങ്ങനെയൊക്കെ ഉണ്ടാകുന്നു? പകർച്ചവ്യാധികൾ ഏതൊക്കെ? തുടങ്ങിയ ചോദ്യങ്ങൾ പഠിതാക്കളോട് ചോദിച്ചുകൊണ്ട് ക്ലാസ്സ് ആരംഭിക്കണം. അവർ പറയുന്ന ഉത്തരങ്ങൾ ചാർട്ട്പേപ്പറിൽ എഴുതണം. അതിനു ശേഷം രണ്ടാമത്തെ സ്ലൈഡ് പ്രദർശിപ്പിച്ചുകൊണ്ട് വിശദീകരിക്കണം.

2. കേരളത്തിൽ സാധാരണ കണ്ടുവരുന്ന പകർച്ചവ്യാധികളെയും പുതിയതും തിരിച്ചുവരുന്നതുമായ രോഗങ്ങളെയും കുറിച്ച് പങ്കാളിത്തരീതിയിൽ വിശദീകരിക്കണം. കൈപ്പുസ്തകം വായിച്ചുള്ള വ്യക്തമായ ധാരണ രോഗങ്ങളെക്കുറിച്ചും രോഗകാരികളെക്കുറിച്ചും ഉണ്ടായിരിക്കണം.

3. നട്ടെല്ലുള്ള ജീവികൾക്കും മനുഷ്യർക്കുമിടയിൽ പകരുന്ന രോഗങ്ങളാണ് ജന്തുജന്യരോഗങ്ങൾ. വന്യജീവികളിൽ നിന്നും വളർത്തുമൃഗങ്ങളിൽ നിന്നും പ്രാണികളിൽ നിന്നും മനുഷ്യർക്കു രോഗങ്ങൾ ഉണ്ടാകുന്നു. മനുഷ്യരിൽനിന്നും മൃഗങ്ങളിലേക്കും രോഗങ്ങൾ പകരാം. ഇത്തരം രോഗങ്ങൾ വർദ്ധിക്കുന്നതിന്റെ കാരണങ്ങൾ വ്യക്തമാക്കണം. സ്ലൈഡിൽ വിശദാംശങ്ങൾ ഉണ്ട്.

4. ജന്തുജന്യരോഗങ്ങൾ പകരുന്ന വഴികൾ പങ്കാളിത്തരീതിയിൽ സ്ലൈഡ് പ്രദർശിപ്പിച്ചുകൊണ്ട് അവതരിപ്പിക്കണം.

5. ഭൂമിയിൽ ജീവികൾ അധിവസിക്കുന്ന ഭാഗമാണ് ജീവമണ്ഡലം. ജീവമണ്ഡലത്തിൽ കാണുന്ന വായു, മണ്ണ്, ജലം തുടങ്ങിയ ഘടകങ്ങളെ അജീവികഘടകങ്ങൾ എന്നാണ് പറയുന്നത്. അവിടെയുള്ള സൂക്ഷ്മജീവികൾ, സസ്യങ്ങൾ, ജന്തുക്കൾ എന്നിവയെ ജീവികഘടകങ്ങൾ എന്ന് പറയുന്നു. സസ്യങ്ങൾ ഉത്പ്പാദകരാണ്. സസ്യങ്ങൾ ഭക്ഷിച്ചുകൊണ്ട് സസ്യഭോജികളും അവയെ ഭക്ഷിച്ചുകൊണ്ട് മാംസഭോജികളും കഴിയുന്നു. സൂക്ഷ്മജീവികൾ മൃതാവശിഷ്ടങ്ങളെ വിഘടിപ്പിക്കുന്നു. ജീവിയ ഘടകങ്ങളും അജീവിയ ഘടകങ്ങളും തമ്മിലുള്ള ബന്ധമാണ് പരിസ്ഥിതി. വായുമലിനീകരണം, ജലമലിനീകരണം, മണ്ണിനുണ്ടാകുന്ന മലിനീകരണം ഇവയെല്ലാം പരിസ്ഥിതിയുടെ ആരോഗ്യത്തെ ബാധിക്കുന്നു എന്ന് പറയാം. എപ്പിഡെമിയോളോജിക്കൽ ത്രയങ്ങൾ വിശകലനം ചെയ്യണം. പരിസ്ഥിതിയുടെ പ്രാധാന്യം കൃത്യമായി വിശദീകരിക്കണം.

6. പകർച്ചവ്യാധികൾ വ്യക്തികളെ മാത്രമല്ല ബാധിക്കുന്നത്, കുടുംബത്തെയും സമൂഹത്തെയും ബാധിക്കുന്നു. പഠിതാക്കളെ ഗ്രൂപ്പുകൾ ആയി തിരിച്ചുകൊണ്ടുവേണം ചർച്ച നടത്തുവാൻ. ചർച്ചക്ക് ശേഷം സ്ലൈഡ് 13 പ്രദർശിപ്പിച്ചുകൊണ്ട് ഫെസിലിറ്റേറ്റർ ക്ലാസ്സ് ക്രോഡീകരിക്കണം.

# സെഷൻ 3

**വിഷയം** : ഏകാരോഗ്യം കേരളവും സംഘടനാസംവിധാനവും

**ലക്ഷ്യം** : ഈ സെഷന്റെ അവസാനം പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ചുവടെ പറയുന്നവ സാദ്ധ്യമാകും

1. ഏകാരോഗ്യ പരിപാടി നടപ്പിലാക്കുന്നതിനായി കേരളത്തിൽ സർക്കാർ ഉത്തരവിലൂടെ സംജാതമാക്കിയിരിക്കുന്ന സംഘടനാസംവിധാനം എങ്ങനെയെന്ന് ബോദ്ധ്യമാകും.
2. ഏകാരോഗ്യ പരിപാടി നടപ്പിലാക്കുന്നതിൽ പ്രാദേശിക സർക്കാരുകളുടെ പ്രസക്തിയെക്കുറിച്ചും പ്രാധാന്യത്തെക്കുറിച്ചും ബോദ്ധ്യമാകും.

**സമയം** : 45 മിനിറ്റ്

**വേദി** : പൊതുവേദി

**ഉള്ളടക്കവും പഠനരീതിയും**

| നം | വിഷയം | സമയം (മിനിറ്റ്) | രീതി | ഉപാധി |
|---|---|---|---|---|
| 1 | ഏകാരോഗ്യ പരിപാടി കേരളത്തെ സംബന്ധിച്ചിടത്തോളം എത്രമാത്രം പ്രസക്തമാണെന്ന് വിശദീകരിക്കുന്നു | 5 മിനിറ്റ് | പങ്കാളിത്ത അവതരണം | സ്ലൈഡ് 2, 3 |
| 2 | ഏകാരോഗ്യവുമായി ബന്ധപ്പെട്ട് കേരളം ഊന്നൽ നൽകുന്ന മേഖലകളെക്കുറിച്ചും വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും ഏകോപിതപ്രവർത്തനത്തിന്റെ അനിവാര്യതയെക്കുറിച്ചും വിശദീകരിക്കുന്നു | 5 മിനിറ്റ് | പങ്കാളിത്ത അവതരണം | സ്ലൈഡ് 4 |
| 3 | ഏകാരോഗ്യം നടത്തിപ്പ് സംവിധാനത്തെക്കുറിച്ച് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിശദീകരിക്കുന്നു | 10 മിനിറ്റ് | പങ്കാളിത്ത അവതരണം | സ്ലൈഡ് 5, 6, 7, 8 |
| 4 | തദ്ദേശസർക്കാരുകളുടെ ചുമതലകൾ | 20 മിനിറ്റ് | അവതരണം | സ്ലൈഡ് 9, 10 |
| 5 | സംശയ നിവാരണം | 5 മിനിറ്റ് | | |

**ആവശ്യമായ കുറിപ്പുകൾ**

1. ഏകാരോഗ്യ പരിപാടി കേരളത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രസക്തമാണ്. ജന്തുജന്യരോഗങ്ങൾ വർദ്ധിതമായ തോതിൽ കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. ജലമലിനീകരണം, വായുമലിനീകരണം തുടങ്ങിയ കാര്യങ്ങളിൽ കേരളത്തിന്റെ നില തൃപ്തികരമല്ല. ജൈവവൈവിധ്യശോഷണവും മറ്റു പരിസ്ഥിതി പ്രശ്നങ്ങളും ഗൗരവമായി പരിശോധിക്കേണ്ടതുണ്ട്. ഏകാരോഗ്യമെന്നത് മനുഷ്യരുടെയും ജന്തുക്കളുടെയും പരിസ്ഥിതിയുടെയും ആരോഗ്യത്തെ ഉൾക്കൊള്ളുന്നതാണ്. ഉയർന്ന ജനസാന്ദ്രത, പ്രവാസി കേരളീയരുടെ ഉയർന്നസംഖ്യ, വിസ്തൃതമായ വനമേഖല തുടങ്ങിയവ കേരളത്തിന്റെ സവിശേഷതകൾ ആണ്. ഈ സാഹചര്യത്തിൽ കേരളത്തിൽ പരിപാടി നടപ്പിലാക്കേണ്ടത് അനിവാര്യമാണ്.

2. ഏകാരോഗ്യ പരിപാടി കേരളത്തിൽ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട ഊന്നൽ മേഖലകൾ വിശദീകരിക്കണം. എല്ലാ തരത്തിലുള്ള രോഗങ്ങൾക്കും ഏകീകൃതമായ നിരീക്ഷണസംവിധാനം ഉറപ്പുവരുത്തുക. ഇതിലേക്കായി വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും കൃത്യമായ പ്രവർത്തനത്തിന്റെ അനിവാര്യത ബോദ്ധ്യപ്പെടുത്തണം.

3. ഏകാരോഗ്യ പരിപാടിയുടെ നടത്തിപ്പ് സംവിധാനം എങ്ങനെയാണെന്നും അതിലേക്കായി സംസ്ഥാന, ജില്ല, തദ്ദേശ സർക്കാർ തലങ്ങളിൽ രൂപീകരിക്കേണ്ട കമ്മിറ്റി സംവിധാനങ്ങൾ ജി.ഒ (ആർ.ടി) നം.399/2022/എച്ച്&എഫ്ഡബ്ല്യൂഡി തീയതി 19/02/2022 ഉത്തരവ് പ്രകാരം വിശദീകരിക്കുക.

4. ഏകാരോഗ്യ പരിപാടി നടപ്പിലാക്കുന്നതിൽ തദ്ദേശ സർക്കാർ എന്തെല്ലാം ചുമതലകളാണ് വഹിക്കേണ്ടതെന്ന് സ്ലൈഡ് 9-ന്റെ സഹായത്താൽ വിശദീകരിക്കണം.

5. സാംക്രമികരോഗവാഹികളെ നിയന്ത്രിക്കുക, പരിസ്ഥിതി സംരക്ഷിക്കുക, മാലിന്യപരിപാലനം നടപ്പിലാക്കുക, രോഗപ്രതിരോധനടപടികൾ സ്വീകരിക്കുക, രോഗപ്രതിരോധത്തിനും നിയന്ത്രണത്തിനുമായി ദേശീയതലത്തിലും സംസ്ഥാനതലത്തിലും ഉള്ള തന്ത്രങ്ങളും പരിപാടികളും ഫലപ്രദമായി നടപ്പിലാക്കുക എന്നിവ തദ്ദേശസർക്കാരുകളുടെ അനിവാര്യചുമതലകളാണ്. ആയതിനാൽ ഏകാരോഗ്യപരിപാടി നടപ്പിലാക്കേണ്ടത് തദ്ദേശസർക്കാരുകളുടെ ഉത്തരവാദിത്തമാണെന്ന് ബോദ്ധ്യപ്പെടുത്തണം.

# സെഷൻ 4

**വിഷയം** : സാമൂഹ്യാധിഷ്ഠിത രോഗനീരീക്ഷണവും ഏകാരോഗ്യവും

**ലക്ഷ്യം** : ഈ സെഷന്റെ അവസാനം പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ചുവടെ പറയുന്നവ ബോദ്ധ്യമാകും

1. ഏകാരോഗ്യപരിപാടിയുടെ ഭാഗമായുള്ള സാമൂഹ്യാധിഷ്ഠിത രോഗനീരീക്ഷണം എന്താണെന്നും അതിന്റെ പ്രാധാന്യവും.
2. ഏകാരോഗ്യപരിപാടിയുടെ നടത്തിപ്പിൽ സന്നദ്ധ സേവനത്തിന്റെ പ്രാധാന്യവും അനിവാര്യതയും.
3. സന്നദ്ധപ്രവർത്തകർക്കുണ്ടായിരിക്കേണ്ട സവിശേഷതകൾ, അവരെ തിരഞ്ഞെടുക്കുന്ന രീതി, അവരുടെ തുടർപ്രവർത്തനങ്ങൾ

**സമയം** : 45 മിനിറ്റ്

**വേദി** : പൊതുവേദി

**ഉള്ളടക്കവും പഠനരീതിയും**

| നം | വിഷയം | സമയം (മിനിറ്റ്) | രീതി | ഉപാധി |
|---|---|---|---|---|
| 1 | സാമൂഹ്യാധിഷ്ഠിത രോഗനീരീക്ഷണം (കമ്മ്യൂണിറ്റി ബേയ്സ്ഡ് സർവെയ്‌ലൻസ്) എന്താണെന്ന് വ്യക്തമാക്കുന്നു | 5 മിനിറ്റ് | ബ്രെയിൻ സ്റ്റോമിങ്ങ്, പങ്കാളിത്ത അവതരണം | സ്ലൈഡ് 2 |
| 2 | സാമൂഹ്യാധിഷ്ഠിത രോഗനിരീക്ഷണത്തിനായി അവലംബിക്കുന്ന രീതികൾ പരിചയപ്പെടുത്തുന്നു | 5 മിനിറ്റ് | പങ്കാളിത്ത അവതരണം | സ്ലൈഡ് 3 |
| 3 | സാമൂഹ്യാധിഷ്ഠിത രോഗനിരീക്ഷണത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വിശദീകരിക്കുന്നു. ഇത് പ്രയോഗികമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദീകരിക്കുന്നു | 5 മിനിറ്റ് | പങ്കാളിത്ത അവതരണം | സ്ലൈഡ് 4 |
| 4 | പ്രോഗ്രാമിന്റെ ഘടന, കമ്മ്യൂണിറ്റി മെന്റർമാർ, കമ്മ്യൂണിറ്റി വളണ്ടിയർമാർ എന്നിവരുടെ യോഗ്യതാമാനദണ്ഡങ്ങൾ, പങ്ക് എന്നിവയെക്കുറിച്ച് ചർച്ച ചെയ്യുന്നു | 8 മിനിറ്റ് | പങ്കാളിത്ത അവതരണം | സ്ലൈഡ് 5,6 |
| 5 | വിവിധ ആശയവിനിമയ രീതികൾ വിശദീകരിക്കുന്നു | 5 മിനിറ്റ് | പങ്കാളിത്ത അവതരണം | സ്ലൈഡ്7 |
| 6 | രോഗനിരീക്ഷണപ്രക്രിയ ഒരു കൂട്ടായ പ്രവർത്തനമാണെന്നു വിശദീകരിക്കുന്നു | 5 മിനിറ്റ് | പങ്കാളിത്ത അവതരണം | സ്ലൈഡ് 8 |
| 7 | പകർച്ചവ്യാധികളും അവയുടെ ലക്ഷണങ്ങളും അവ റിപ്പോർട്ട് ചെയ്യേണ്ട രീതിയും ഉദാഹരണസഹിതം വിശദീകരിക്കുന്നു | 7 മിനിറ്റ് | പങ്കാളിത്ത അവതരണം | സ്ലൈഡ്9 |
| 8 | സംശയ നിവാരണം | 5 മിനിറ്റ് | | |

### ആവശ്യമായ കുറിപ്പുകൾ

1. സമൂഹത്തിലെ അംഗങ്ങൾ പൊതുജനാരോഗ്യത്തെ ബാധിക്കുന്ന സവിശേഷമായ സംഭവങ്ങൾ കണ്ടെത്തുകയും റിപ്പോർട്ട് ചെയ്യുകയും ചെയ്യുന്ന രീതിയാണ് കമ്മ്യൂണിറ്റി ബേയ്സ്ഡ് സർവെയ്‌ലൻസ് (സാമൂഹ്യാധിഷ്ഠിത രോഗനിരീക്ഷണം). രണ്ടുതരത്തിലുള്ള നിരീക്ഷണ സംവിധാനങ്ങൾ വിശദമാക്കണം. ഇൻഡിക്കേറ്റർ ബേയ്സ്ഡ് സർവെയ്‌ലൻസും ഇവന്റ്ബേയ്സ്ഡ് സർവെയ്‌ലൻസും.
2. കമ്മ്യൂണിറ്റി ബേയ്സ്ഡ് സർവെയ്‌ലൻസ് എന്ന പ്രക്രിയയുടെ ലക്ഷ്യങ്ങൾ പങ്കാളിത്ത രീതിയിൽ അവതരിപ്പിക്കുന്നു.
3. കമ്മ്യൂണിറ്റി മെന്റർമാർ എന്ന നിലയിൽ ഒരു വാർഡിൽ നിന്നും ഏഴുപേരെ വീതം തിരഞ്ഞെടുക്കണം. നിലവിൽ സമൂഹവുമായി ബന്ധപെട്ടു പ്രവർത്തിക്കുന്നവരിൽ നിന്നും ജില്ലാ മെന്റർമാർ തദ്ദേശസർക്കാർ പ്രതിനിധികളുമായി കൂടിയാലോചിച്ചു വേണം ഇവരെ തിരഞ്ഞെടുക്കാൻ. കമ്മ്യൂണിറ്റി മെന്റർമാർ തങ്ങളുടെ പ്രവർത്തന പരിധിയിൽ നിന്നും വാർഡ്/ ഡിവിഷൻ പ്രതിനിധിയുമായി കൂടിയാലോചിച്ച് 7 വളണ്ടിയർമാരെ വീതം തിരഞ്ഞെടുക്കണം.
4. കമ്മ്യൂണിറ്റി പ്രവർത്തകരുടെ (മെന്റർമാർ, വളണ്ടിയർമാർ) സവിശേഷതകൾ വിശദമാക്കണം. കൂടുതൽ വിവരങ്ങൾ കൈപ്പുസ്തകത്തിൽ പരാമർശിച്ചിട്ടുണ്ട്.
5. മെന്റർമാരുടെ ചുമതലകളും ആശയവിനിമയ രീതികളും വിശദമാക്കുന്നു.
6. സർവെയ്‌ലൻസ് പ്രക്രിയ കൂട്ടായ ഒരു പ്രവർത്തനമാണ്. ഈ പ്രവർത്തനങ്ങളെ സ്ലൈഡിന്റെ സഹായത്താൽ വ്യക്തമാക്കണം.
7. പ്രധാന പകർച്ചവ്യാധികൾ ഏതൊക്കെയെന്നും അവയുടെ ലക്ഷണങ്ങൾ എന്തൊക്കെയാണെന്നും അവ എങ്ങനെയാണ് റിപ്പോർട്ട് ചെയ്യേണ്ടതെന്നും വിശദമാക്കണം.

# സെഷൻ 5

**വിഷയം** : സന്നദ്ധപ്രവർത്തകരുടെ തിരഞ്ഞെടുപ്പ്, പരിശീലനം, തുടർസഹായങ്ങൾ

**ലക്ഷ്യം** : ഈ സെഷന്റെ അവസാനം പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ചുവടെ പറയുന്നവ നിർവ്വഹിക്കാൻ കഴിയും

1. വാർഡ്/ഡിവിഷൻ തലത്തിൽ സന്നദ്ധപ്രവർത്തകരെ കണ്ടെത്തുന്നതിനും അവരെ ഏകാരോഗ്യ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്നതിനും
2. സന്നദ്ധപ്രവർത്തകർക്ക് ആവശ്യമായ പരിശീലനം നൽകുവാനും തുടർസഹായങ്ങൾ നൽകുവാനും.

**സമയം** : 45 മിനിറ്റ്

**വേദി** : പൊതുവേദി

**ഉള്ളടക്കവും പഠനരീതിയും**

| നം | വിഷയം | സമയം (മിനിറ്റ്) | രീതി | ഉപാധി |
|---|---|---|---|---|
| 1 | സന്നദ്ധപ്രവർത്തനങ്ങളുടെ കേരളമാതൃക ചർച്ച ചെയ്യുന്നു | 7 മിനിറ്റ് | പങ്കാളിത്ത അവതരണം | സ്ലൈഡ് 2 |
| 2 | സന്നദ്ധപ്രവർത്തകരുടെ ഏഴു സവിശേഷതകൾ വ്യക്തമാക്കുന്നു | 15 മിനിറ്റ് | പങ്കാളിത്ത അവതരണം | സ്ലൈഡ് 3 |
| 3 | ആരൊക്കെയാകാം സന്നദ്ധപ്രവർത്തകർ എന്ന് വിശദീകരിക്കുന്നു | 8 മിനിറ്റ് | പങ്കാളിത്ത അവതരണം | സ്ലൈഡ് 4 ചാർട്ട് പേപ്പർ |
| 4 | സന്നദ്ധപ്രവർത്തകരുടെ തിരഞ്ഞെടുപ്പ്, അവർക്കു നൽകേണ്ട പരിശീലനം എന്നിവ ചർച്ച ചെയ്യുന്നു | 10 മിനിറ്റ് | പങ്കാളിത്ത അവതരണം | സ്ലൈഡ് 5 |
| 5 | പരിശീലനാനന്തരം അവർ ചെയ്യേണ്ട പ്രവർത്തനങ്ങളെക്കുറിച്ചും തദ്ദേശ സർക്കാരുകളിൽ നിന്നും അവർക്കു ലഭിക്കുന്ന സഹായങ്ങളെക്കുറിച്ചും ചർച്ച ചെയ്യുന്നു | 10 മിനിറ്റ് | പങ്കാളിത്ത അവതരണം | സ്ലൈഡ് 6 |
| 6 | വിവിധ ആശയവിനിമയ രീതികളെക്കുറിച്ചുള്ള ചർച്ച | 5 മിനിറ്റ് | പങ്കാളിത്ത അവതരണം | സ്ലൈഡ്7 |
| 7 | സംശയ നിവാരണം | 5 മിനിറ്റ് | | |

**ആവശ്യമായ കുറിപ്പുകൾ**

1. സന്നദ്ധപ്രവർത്തനം ഏറ്റവും കൂടുതൽ നടക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. നമ്മുടെ സംസ്ഥാനത്തു നടപ്പിലാക്കിയ സാക്ഷരതായജ്ഞം, ജനകീയാസൂത്രണം, പ്രകൃതിദുരന്തങ്ങളുടെ അതിജീവനം, കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ എന്നിവയിലെല്ലാം വർദ്ധിതമായ തോതിൽ ജനപങ്കാളിത്തവും സന്നദ്ധപ്രവർത്തനവും നമുക്ക് ഉപയോഗപ്പെടുത്തുവാൻ കഴിഞ്ഞിട്ടുണ്ടെന്ന വിവരം പഠിതാക്കളെ ബോദ്ധ്യപ്പെടുത്തണം. സന്നദ്ധപ്രവർത്തനത്തിന്റെ കേരളമാതൃക ലോക ശ്രദ്ധയാകർഷിച്ചിട്ടുള്ളതാണ്. ഭരണപ്രക്രിയയിൽ ജനങ്ങൾ നേരിട്ട് ഇടപെടുന്ന ഒരു തലമാണ് സന്നദ്ധപ്രവർത്തനം.

2. സന്നദ്ധപ്രവർത്തകരായി (കമ്മ്യൂണിറ്റി മെന്റർമാരും കമ്മ്യൂണിറ്റി വളണ്ടിയർമാരും) കർമ്മരംഗത്തേക്ക് കടന്നുവരുന്നവർക്ക് സാമൂഹികപ്രതിബദ്ധതയടക്കം ഏഴു സവിശേഷതകൾ ഉണ്ടായിരിക്കണം. ഈ സവിശേഷതകൾ പങ്കാളിത്തരീതിയിൽ അവതരിപ്പിക്കണം. വിശദവിവരങ്ങൾ കൈപ്പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

3. സമൂഹത്തിന്റെ വിവിധതലങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവരിൽ നിന്നുമാണ് സന്നദ്ധപ്രവർത്തകരെ തിരഞ്ഞെടുക്കേണ്ടത്. ഇത്തരത്തിൽ തിരഞ്ഞെടുക്കാൻ കഴിയുന്നവർ ആരൊക്കെയെന്ന് പഠിതാക്കളോട് ചോദിച്ചുകൊണ്ട് ഉത്തരങ്ങൾ ചാർട്ട് പേപ്പറിൽ രേഖപ്പെടുത്തണം. തുടർന്ന് സ്ലൈഡ് (4)ന്റെ സഹായത്താൽ വിശദമാക്കണം.

4. കമ്മ്യൂണിറ്റി മെന്റർമാരുടെ പരിശീലനത്തിൻെറ ഉത്തരവാദിത്തം ജില്ലാ മെന്റർക്കും കമ്മ്യൂണിറ്റി വളണ്ടിയർമാരുടെ പരിശീലത്തിൻെറ ഉത്തരവാദിത്തം കമ്മ്യൂണിറ്റി മെന്റർക്കു മാണ്. കമ്മ്യൂണിറ്റി മെന്റർമാരുടെ പരിശീലനം അതാത് പഞ്ചായത്ത്/മുനിപ്പിലാറ്റി/ നഗരസഭ തലത്തിലും കമ്മ്യൂണിറ്റി വളണ്ടിയർമാരുടേത് അതാത് വാർഡ്/ ഡിവിഷൻ തലത്തിലുമാണ് നടത്തേണ്ടത്.